കിൻഫ്രയിലെ പണിമുടക്ക്

94 [3103] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
പ്രൊഫ. എ.ഡി. മുസ്തഫ:
ശ്രീ. വർക്കല കഹാർ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രാ അപ്പാരൽ പാർക്കിന് മുന്നിൽ ഈ വർഷം നടന്ന സമരം അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഇത്തരത്തിലുള്ള സമരങ്ങൾ ആരംഭത്തിൽതന്നെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ ഗേറ്റിനു മുന്നിൽ മാർഗ്ഗ തടസ്സം സൃഷ്ടിച്ചപ്പോൾ പാർക്ക് മാനേജ്മെന്റ് പോലീസ്അധികാരികളെ അറിയിക്കുകയും അവരുടെ ഇടപെടലിനെ തുടർന്ന് മാർഗ്ഗതടസ്സം ഒഴിവാക്കുകയും ചെയ്തു.

(ബി) പൊതുനിരത്തിൽ മാർഗ്ഗതടസ്സമുണ്ടാക്കി പാർക്കിന്റെ പ്രവർത്തനം തടസ്സപ്പെടുത്താതിരിക്കാൻ പോലീസ് അധികാരികളുമായി ചർച്ചകൾ നടത്തുകയും ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഇ.എസ്.ഐ. ഹോസ്പിറ്റലുകളിൽ നേഴ്സിംഗ്/പാരാമെഡിക്കൽ/ ഫാർമസികോളേജുകൾ ആരംഭിക്കാൻ നടപടി

95 [3104] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ഇ.എസ്.ഐ. ഹോസ്പിറ്റലുകളിൽ കെ.എസ്.ആർ.റ്റി.സി. എൻജിനീയറിംഗ് കോളേജ് മാതൃകയിൽ നേഴ്സിംഗ്/ പാരാമെഡിക്കൽ/ഫാർമസികോളേജുകൾ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇ.എസ്.ഐ. ഹോസ്പിറ്റലുകളുടെ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇത്തരം കോളേജുകൾ സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതും ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതുമായ ഇത്തരം സംയുക്തസംരംഭങ്ങളെക്കുറിച്ച് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly